## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

02.04.2018 - ൽ മറുപടിക്ക്.

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 6099**

### പുതുതായി ആരംഭിച്ച വ്യവസായ പാർക്കുകൾ

| ചോദ്യം<br>ശ്രീ. കെ. വി. വിജയദാസ് | മറുപടി<br>ശ്രീ. എ. സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി). |
|---|---|
| (എ) ഈ സർക്കാർ വന്നശേഷം പുതിയതായി എത്ര വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടുണ്ട് ; വിശദവിവരം നൽകാമോ ; | (എ) : ഈ സർക്കാർ വന്നശേഷം പുതിയതായി വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടില്ല. എന്നാൽ കിൻഫ്രയുടെ കീഴിൽ 12 വ്യവസായ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) കിൻഫ്രയുടെ കീഴിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനായി സർക്കാരിന് എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട് ; വിശദവിവരം നൽകാമോ ; | (ബി) : കാസർഗോഡ്, കരിന്തളം, ചീമേനി, കണ്ണൂർ എരമം എന്നീ സ്ഥലങ്ങളിൽ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ കിൻഫ്രയുടെ പ്രൊപ്പോസലുകൾ നിലവിലുണ്ട്. 100 എക്കറിനു മുകളിൽ ഭൂമി നൽകാൻ താത്പര്യമുള്ളവരിൽ നിന്നും സമ്മത പത്രം ക്ഷണിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) കോങ്ങാട് മണ്ഡലത്തിൽ നിന്നും ലഭിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ ? | (സി) : കോങ്ങാട് മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് കിൻഫ്രയ്ക്ക് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. പക്ഷേ ഇവിടെ വെള്ളത്തിന്റെ ലഭ്യതയും ഉറവിടവും ഉറപ്പുവരുത്താനാകാത്തതിനാൽ പദ്ധതിയിന്മേൽ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ.